നമ്പർ 328/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
ശാസ്ത്ര-സാങ്കേതിക വിദ്യയുടെ പുരോഗതിമൂലം ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ മാറ്റങ്ങളെ സഭയും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ സഭയ്ക്ക് വളരെ പ്രയോജനപ്രദമായ ചില സംഗതികളിലേക്ക് നിങ്ങളുടെ ശ്രദ്ധയെ നാം ക്ഷണിക്കുന്നു.

ഒന്നാമതായി, നമ്മുടെ കുടുംബ ബന്ധങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്ക് ഒരു നിയന്ത്രണം ഉണ്ടാകേണ്ടത് ഏറെ ആവശ്യമാണ്. സമൂഹത്തിന്റെ അടിസ്ഥന ഘടകമായ കുടുംബങ്ങളിൽ കാണപ്പെടുന്നതായ കുടുംബവഴക്കുകൾ, വിവാഹമോചനം, പുനർവിവാഹം ഇവയെല്ലാം കുടുംബ - സാമൂഹിക ബന്ധങ്ങളെ ശിഥിലമാക്കുന്നതാണ്. പരിപാവനവും ദൈവദത്തവുമായ കുടുംബ വ്യവസ്ഥിതിയെ അന്യൂനം പരിപാലിക്കത്തക്കവിധം സഭയിൽ മുഴുവനായി ഒരു ബോധവത്കരണ പരിപാടി നടത്തുവാൻ നാം ആഗ്രഹിക്കുന്നു. ആയതിലേക്ക് **2009 ഒക്ടോബർ മാസം "കുടുംബഭദ്രതാ മാസം"** ആയി നാം പ്രഖ്യാപിക്കുന്നു. **'ഉത്തമ കുടുംബം ഉൽകൃഷ്ട സമൂഹം'** എന്നതായിരിക്കും ഈ മാസാചരണത്തിന്റെ മുദ്രാവാക്യം; **'കുടുംബ നിർമ്മിതി ദൈവഹിതാനുസരണം'** എന്നതായിരിക്കും മുഖ്യ ചിന്താവിഷയം. ഈ വിഷയം ആധാരമാക്കി ഇടവക, ഡിസ്ട്രിക്ട്, ഭദ്രാസന തലങ്ങളിൽ കുടുംബ ധ്യാനങ്ങൾ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ, പ്രബന്ധ മത്സരങ്ങൾ, കുടുംബസംഗമങ്ങൾ തുടങ്ങിയ ബോധവത്കരണ പരിപാടികൾ ഇടവക വികാരിയുടേയും, മാനേജിംഗ് കമ്മറ്റിയുടേയും മേൽനോട്ടത്തിൽ യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം എന്നീ ആത്മീയ സംഘടനകൾ സംഘടിപ്പിക്കേണ്ടതാണ്. കുടുംബ ഭദ്രതയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകത്തക്കവിധം നമ്മുടെ സഭാ മാനവശേഷി മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ **marry2love.com (മാരി ടു ലവ് ഡോട്ട് കോം)** എന്ന പേരിൽ ഒരു ഫാമിലി വെബ്സൈറ്റ് താമസംവിനാ പ്രകാശനം ചെയ്യുന്നതാണ്. വിവാഹപ്രായമെത്തിയ കുട്ടികൾക്ക് അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തുന്നതിനുള്ള മാട്രിമോണിയൽ സൗകര്യവും ഈ വെബ്സൈറ്റിലുണ്ടാവും. ഈ വെബ്സൈറ്റ് സഭാമക്കൾ പരമാവധി പ്രയോജനപ്പെടുത്തണം.

രണ്ടാമതായി, ആഗോള സാമ്പത്തിക മാന്ദ്യം വിദേശരാജ്യങ്ങളിലെ നമ്മുടെ തൊഴിൽ സാധ്യതകൾക്ക് മങ്ങലേൽപിച്ചിരിക്കുന്നതിനാൽ കേരളത്തിനകത്ത് ലഭ്യമായ തൊഴിൽ അവസരങ്ങൾ നാം പരമാവധി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. തൊഴിൽ തേടുന്ന നമ്മുടെ സഭാ മക്കളെ അതിന് സഹായിക്കത്തക്കവിധം ചില പരിപാടികൾ നമ്മുടെ സഭാ മാനവശേഷി മാനേജ്മെന്റ് വിഭാഗം ആസൂത്രണം ചെയ്തുവരുകയാണ്.

(മറുപുറം)

പബ്ലിക് സർവ്വീസ് കമ്മീഷൻ (പി. എസ്സ്. സി) പരീക്ഷകൾക്ക് നമ്മുടെ ഉദ്യാഗാർത്ഥികളെ പരിശീലിപ്പിച്ച് സജ്ജരാക്കുക എന്ന ഉദ്ദേശത്തോടെ  വിദഗ്ദരുടെ സഹകരണത്തിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലന കളരി സംഘടിപ്പിക്കുകയാണ്.  തിരുവനന്തപുരം ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്റർ (2009 ഓഗസ്റ്റ് 8), പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ഓഡിറ്റോറിയം (ഓഗസ്റ്റ് 22), എറണാകുളം പാലാരിവട്ടം സെന്റ് ജോർജ് പള്ളി ഓഡിറ്റോറിയം (സെപ്റ്റംബർ 12), പരുമല സെമിനാരി ഓഡിറ്റോറിയം (സെപ്റ്റംബർ 19) എന്നിവടങ്ങളിൽ വച്ചാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഓരോ ഇടവകയും ശ്രദ്ധിക്കണം. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും **ഡയറക്ടർ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, കാതോലിക്കേറ്റ് പാലസ്, ദേവലോകം, കോട്ടയം  – 686038** എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

വാത്സല്യമക്കളേ, പ. സഭയെ ദിനംതോറുമുള്ള പ്രാർത്ഥനയിൽ നിങ്ങൾ ഓർക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 ജൂലൈ മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.